# ‘പ്രതികരണത്തിലൂടെ ദൈവമനുഷ്യനെ തിരിച്ചറിയാം’

## ഉൽപത്തി 13:8

**“അബ്രഹാം ലോത്തിനോട്, എനിക്കും നിനക്കും എന്റെ ഇടയന്മാർക്കും, നിന്റെ ഇടയന്മാർക്കും തമ്മിൽ പിണക്കം ഉണ്ടാകരുത്, നാം സഹോദരന്മാരല്ലോ”**

മുകളിൽ പറഞ്ഞ വാക്യത്തിൽ അബ്രഹാമിന്റെയും ലോത്തിന്റെയും ദാസന്മാർ തമ്മിൽ പിണക്കം ഉണ്ടായതായി നാം വായിക്കുന്നു. മിസ്രമിയിലേക്കുള്ള യാത്രയിൽ അബ്രഹാമും ലോത്തും ധാരാളം ധനം സമ്പാദിച്ചിരുന്നു... ഇപ്പോൾ ആ ധനമാണ് പ്രശ്നമുണ്ടാക്കുന്നത്. ലോത്തും അവന്റെ ഭാര്യയും മിസ്രീമിലെ സാഹചര്യങ്ങളിൽ സ്വാധീനിക്കപ്പെട്ടിരുന്നു. എന്നാൽ അബ്രഹാം അങ്ങനെയല്ലായിരുന്നു.

അബ്രഹാമിന്റെയും ലോത്തിന്റെയും ഇടയന്മാർ തമ്മിൽ വഴക്കുണ്ടായി “കനാന്യരും പെരിസ്യരും അന്നു ദേശത്തു പാർത്തിരുന്നു.” (ഉൽപത്തി 13:7) അവർ ഈ വഴക്കു കണ്ടതായി ഈ വചനത്തിൽനിന്ന് അനുമാനിക്കാം. ഇതുപോലെ ഇന്ന് പലപ്പോഴും ക്രീസ്തീയ സഹോദരങ്ങൾ തമ്മിലുണ്ടാകുന്ന സ്വാർത്ഥപരമായ വഴക്കുകൾ പുറം ജാതിക്കാർക്ക് ഇടർച്ചയ്ക്ക് കാരണമാകുന്നു. എന്നാൽ 75 വയസ്സുള്ള അബ്രഹാം, 35 വയസ്സുള്ള തന്റെ അനന്തരവനോട് സഹോദരസ്നേഹം കാണിക്കുന്നു. അബ്രഹാമിനെപ്പോലെ, ഒരു ദൈവിക മനുഷ്യൻ എപ്പോഴും താഴ്മയുള്ളവൻ ആയിരിക്കണം.

അബ്രഹാം ഇത്തരത്തിൽ തീരുമാനിക്കുമ്പോൾ അവർ എന്താണ് ചെയ്യുന്നതെന്ന് കാണുവാൻ ദൈവം ഇറങ്ങിവന്നു. ഉൽപത്തി 13:14 ൽ ലോത്ത് അബ്രഹാമിനെ വിട്ടുപിരിഞ്ഞശേഷം യഹോവ അബ്രഹാമിനോട് അരുളിചെയ്തത് “നീ കാണുന്ന ഭൂമിയൊക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും...” മനുഷ്യർ തമ്മിൽ നടത്തുന്ന ഇടപാടുകൾ ദൈവം ശ്രദ്ധിക്കുകയും, അവകാശങ്ങൾ വിട്ടു കൊടുക്കുന്ന ദൈവമനുഷ്യരെ ദൈവം തിരിച്ചറിയുകയും അവരുടെ ജീവിതത്തെ അനുഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ പലപ്പോഴും നമ്മുടെ ദൃഷ്ടി ദീർഘമല്ലാത്തതിനാൽ ഈ അനുഗ്രഹങ്ങളെ ഇന്നു കാണുവാൻ സാധിക്കുന്നില്ല.

ദൈവം അബ്രഹാമിനോട് 4000 ത്തിൽ അധികം വർഷം മുൻപ് പറഞ്ഞതാണിത്.. ഇന്ന് ആരാണ് അവിടെ താമസിക്കുന്നത്, അബ്രഹാമിന്റെ സന്തതികളാണ്, ലോത്തിന്റെ അല്ല.. എത്ര വർഷം കഴിഞ്ഞാലും ദൈവത്തിന്റെ വചനങ്ങൾക്ക് മാറ്റമുണ്ടാവില്ല.

ഉൽപത്തി 14–ാം അദ്ധ്യായത്തിൽ ലോത്ത് പ്രശ്നത്തിൽ പെടുന്നതായി നാം കാണുന്നു. ദൈവഹിതത്തിന് പുറത്ത് പോകുമ്പോഴെല്ലാം പ്രശ്നങ്ങൾ നമ്മെ കാത്തിരിക്കുന്നുണ്ട്. ഇവിടെ നാം ശ്രദ്ധിക്കേണ്ടത് ലോത്ത് പ്രശ്നത്തിൽ അകപ്പെട്ടു എന്നു കണ്ടപ്പോൾ അബ്രഹാമിന്റെ പ്രതികരണമാണ്.. തന്നെ ചതിച്ചവൻ പ്രശ്നത്തിൽ അകപ്പെട്ടു എന്നു കേൾക്കുമ്പോൾ നമ്മുടെ പ്രതികരണം എങ്ങനെയായിരിക്കും. ഉൽപത്തി 14:16 ലോത്തിന്റെ സമ്പത്തിനെയും മറ്റു വസ്തുവകകളെയും അബ്രഹാം മടക്കിക്കൊണ്ടു വരുന്നതായി നാം കാണുന്നു.. അതാണ് ഒരു ദൈവമനുഷ്യന്റെ മനോഭാവം.

**പരാമർശം :**

1യോഹന്നാൻ 3:17

**എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരനു മുട്ടുള്ളതു കണ്ടിട്ട് അവനോട് മനസ്സലിവു കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും.**

**ബ്രദർ ജോബി ജയിംസ് ചങ്ങനാശ്ശേരി 002**